**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

---

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2351** — **05.02.2018 - ൽ മറുപടിക്ക്.**

## വെറ്റിലപ്പാറയിൽ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക്

**ചോദ്യം**
**ശ്രീ. ബി. ഡി. ദേവസ്സി**

**മറുപടി**
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പു മന്ത്രി).**

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ എക്സ് സർവീസ് മെൻ സഹകരണ കോളനിയുടെ 10 ഏക്കർ സ്ഥലത്ത് വ്യവസായ വകുപ്പിന് കീഴിൽ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് സംയുക്ത സംരംഭമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

(എ) യും (ബി) യും : 19/01/2018-ന് ചാലക്കുടി പി.ഡബ്ല്യു.ഡി ഗസ്റ്റ് ഹൗസിൽ വെച്ച് തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ അധ്യക്ഷതയിൽ ബഹു. ചാലക്കുടി എം.എൽ.എ., ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ആതിരപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ, മുകുന്ദപുരം ഉപജില്ലാ വ്യവസായ വികസന ഓഫീസർ, ചാലക്കുടി വ്യവസായ വികസന ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ യോഗം ചേർന്ന് ഈ പ്രോജക്ടിനെ സംബന്ധിച്ച് ചർച്ച നടത്തിയിട്ടുള്ളതും തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്.

സെക്ഷൻ ഓഫീസർ.